# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3050

13.07.2015 ൽ മറുപടിയ്ക്ക്

## കുറ്റകൃത്യങ്ങളും നടപടികളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.തിലോത്തമൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്നും ഈ നടപടികൾ കൊണ്ട് എത്രമാത്രം പ്രയോജനമുണ്ടായി എന്നും വ്യക്തമാക്കാമോ ; | (എ) ജില്ലകൾതോറും പോലീസ് സ്റ്റേഷൻ അതിർത്തികളിൽ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ പട്ടാ ബുക്ക് സ്ഥാപിച്ച് ബീറ്റ് ഡ്യൂട്ടിയും, മൊബൈൽ പോലീസ് പട്രോൾ ശക്തമാക്കിയും, ടൂ വീലർ പട്രോൾ നടത്തിയും, മുൻകുറ്റവാളികളെ നിരീക്ഷിച്ചും, കാപ്പ പോലുള്ള നിയമങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കിയും കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ട് വരുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. ഇതിന് പുറമെ ജനമൈത്രി പോലീസിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി പഞ്ചായത്ത് ജനകീയ സമിതികളുടെയും, റസിഡന്റ്സ് അസോസിയേഷനുകളുടെയും, സ്ത്രീശാക്തീകരണ യൂണിറ്റുകളുടെയും, വനിതാ സെല്ലിന്റെയും സഹകരണത്തോടുകൂടി ബോധവൽക്കരണ സെമിനാറുകളും, ബോധവൽക്കരണ ക്ലാസുകളും നടത്തിയും, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, ഹൈവേ ജാഗ്രതാ സമിതികൾ, ഓപ്പറേഷൻ കുബേര, ഓപ്പറേഷൻ സുരക്ഷ, ഓപ്പറേഷൻ മൺസൂൺ എന്നീ പദ്ധതികളിലൂടെ കുറ്റകൃത്യങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചും, സൈബർസെല്ലിന്റെയും, കമ്പ്യൂട്ടർ സെല്ലിന്റെയും പ്രവർത്തനം ശക്തിപ്പെടുത്തിയും കൂടാതെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചും, സ്ഥിരം കുറ്റവാളികൾക്കെതിരെ കരുതൽ തടങ്കൽ നടപടികൾ സ്വീകരിച്ചും കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും വരുന്നു. |

(ബി) ഇത്തരത്തിൽ നടപടികൾ സ്വീകരിക്കുമ്പോൾ വിവിധയിനം കുറ്റകൃത്യങ്ങൾ കൂടുതലായി സംഭവിക്കുന്ന സാഹചര്യങ്ങളും സമയവും പ്രദേശങ്ങളും വിലയിരുത്തുകയോ പഠിക്കുകയോ ചെയ്യാറുണ്ടോ ; ഇത് സംബന്ധിച്ച് ജനങ്ങൾക്ക് വ്യക്തമായ സൂചനകൾ നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) സർക്കിൾ ഇൻസ്പെക്ടർമാരും, സബ്ഡിവിഷണൽ പോലീസ് ഓഫീസർമാരുമായി ജില്ലാ പോലീസ് മേധാവി നടത്തുന്ന പ്രതിമാസ ക്രൈം കോൺഫറൻസിൽ വിവിധ കുറ്റകൃത്യങ്ങൾ കൂടുതലായി സംഭവിക്കുന്ന സമയവും, സാഹചര്യവും, പ്രദേശങ്ങളും വിലയിരുത്തുകയും ഇതു സംബന്ധിച്ച് പോലീസ് നേരിട്ടും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും പൊതുജനങ്ങൾക്ക് അറിയിപ്പുകൾ നൽകാറുമുണ്ട്.

(സി) വിവിധ കുറ്റകൃത്യങ്ങളും അവയുടെ സാഹചര്യങ്ങളും സാധാരണ ജനങ്ങളുടെ സാമൂഹ്യ ജീവിതത്തെ ഭീതിജനകമായ രീതിയിൽ സ്വാധീനിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ജനങ്ങളുടെ ഭീതി ഒഴിവാക്കുന്നതിനും അവർക്ക് സുരക്ഷിതമായ സാമൂഹ്യ ജീവിതം ഉറപ്പു നൽകുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി) വിവിധ കുറ്റകൃത്യങ്ങളും അവയുടെ സാഹചര്യങ്ങളും സാധാരണ ജനങ്ങളുടെ സാമൂഹ്യ ജീവിതത്തെ ഭീതിജനകമായ രീതിയിൽ സ്വാധീനിക്കുന്നതായി ബോധ്യപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ